മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഏഴ് കേസുകൾ ഇന്ന് നിലവിലുണ്ട്. ഈ ഏഴിൽ നാലുകേസുകൾ പിൻവലിക്കാനായി ഉത്തരവു കൊടുത്തിട്ടുണ്ട്.

തൊഴിൽ കുഴപ്പങ്ങളും പോലീസും

* 799. [71] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്തുനടന്ന തൊഴിൽകുഴപ്പങ്ങളിൽ പോലീസ് ഇടപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ ഏതെല്ലാം, കാരണമെന്ത്;

(സി) പാലോട് നിയോജകമണ്ഡലത്തിൽപെട്ട വിതുര പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ നടന്ന തൊഴിൽ കുഴപ്പത്തിൽ പോലീസ് ഇടപെട്ടിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഈ) പ്രസ്തുത തൊഴിൽ കുഴപ്പത്തോട് അനുബന്ധിച്ച് നടന്ന ചില അനിഷ്ടസംഭവങ്ങൾ നിമിത്തം, സ്ഥലത്തും പരിസരങ്ങളിലുമുള്ള വളരെയധികം ഇടതുപക്ഷ പാർട്ടി പ്രവർത്തകരെ, പോലീസ് തടങ്കലിൽ വച്ചു മർദ്ദിച്ചിട്ടുണ്ടോ;

(എഫ്) ഇതിന്മേൽ എന്തെങ്കിലും പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഈ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) അന്വേഷണം നടത്തി. പരാതി അടിസ്ഥാനരഹിതമാണെന്നു അറിവായതിനാൽ മേൽ നടപടിക്കു വിധേയമായില്ല.

വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ആയുർവേദ ഡിസ്പെൻസറികൾ.

* 800. [72] ശ്രീ. ടി. കെ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആയുർവേദഡിസ്പെൻസറികളിൽ എത്രയെണ്ണം വാടകക്കെട്ടിടങ്ങളിൽ നടത്തുന്നുണ്ട്;

(ബി) പല ആയുർവേദ ഡിസ്പെൻസറികളും സ്ഥലസൗകര്യമില്ലാത്ത ചെറിയ കെട്ടിടങ്ങളിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് രോഗികൾക്ക് ബുദ്ധിമുട്ടുന്നതായി സർക്കാരിനു അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലുവാ ഡിസ്പെൻസറി ഒരിടത്തിരുന്ന വാടകകെട്ടിടത്തിൽ കിടക്കുന്നതു് മാറ്റി സ്ഥാപിക്കുവാൻ ഭയപ്പെടുകയോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.) :

(എ) 53 ഡിസ്പെൻസറികൾ.

(ബി) അറിയാം.

(സി) ന്യായമായ വാടകയ്ക്കു് സൗകര്യമായ ഒരു കെട്ടിടം ലഭിക്കുമ്പോൾ അതേപ്പറ്റി പര്യാലോചിക്കാവുന്നതാണു്.

പഞ്ചക്കൃഷിക്കാക്കു് ലോൺ ഏർപ്പാടിൽ കൊടുത്ത വളം.

* 801. [74] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചക്കൃഷിക്കാക്കു് വിളവു് ഇടിമ്മേൽ 1127 മുതൽ 1130 വരെ ഓരോ ആണ്ടിലും എത്ര രൂപ വിലയുള്ള വളം കടം കൊടുത്തിട്ടുണ്ടു്;

(ബി) ഓരോ ആണ്ടിലും തിരിച്ചടക്കേണ്ടതിൽ എന്തു സംഖ്യ കുടിശികയുണ്ടു്;

(സി) വളം ലോൺ ഏർപ്പാടിൽ കർഷകനു് എന്തെല്ലാം സൗജന്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ടു്;

(ഡി) കാലപ്പിഴമൂലമുള്ള കൃഷിനഷ്ടത്തിലും, മറ്റും കൃഷിയെടുപ്പുസമയത്തു് വളത്തിന്റെ വില തിരിച്ചടക്കാൻ നിവൃത്തിയില്ലാതെ വരുന്നവക്കു് സൗജന്യം നിഷേധിക്കാറുണ്ടോ ? ഉണ്ടെങ്കിൽ ആ നടപടി അവസാനിപ്പിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം).

		രൂപ.	ണ.	സ.
(എ)	1127—ൽ	4,03,340	8	3
	1128—ൽ	7,24,627	12	0
	1129—ൽ	4,46,356	10	6
	1130—ൽ	23,317	0	0
(ബി)	1127—ൽ	53,623	7	2
	1128—ൽ	3,03,263	4	0
	1129—ൽ	1,00,892	5	11
	1130—ൽ	20,666	4	0

(സി) കടമായികൊടുക്കുന്ന വളത്തിന്റെ വില എസ്റ്റിമേന്റിലെ വ്യവസ്ഥയനുസരിച്ചുള്ള കാലാവധിക്കുള്ളിൽ തിരിച്ചടച്ചാൽ നാലു ശതമാനംമാത്രം പലിശകൊടുത്താൽ മതിയാകും.

(ഡി) ഇപ്പോൾ നിഷേധിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly